**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3134** **01-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരള പി.എസ്.സി.യുടെ കാറ്റഗറി നമ്പർ 192/2019 പ്രകാരം പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമന നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | 192/2019 പ്രകാരം പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തികയുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ 2022 ഡിസംബർ മാസത്തിലും അഭിമുഖം 22.02.2023, 23.02.2023, 24.02.2023 എന്നീ തീയതികളിലും പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ തസ്തികയുടെ തെരഞ്ഞെടുപ്പ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. റാങ്ക് പട്ടിക താമസംവിനാ പ്രസിദ്ധീകരിക്കുന്നതാണ് എന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിക്കുകയുണ്ടായി. |
| (ബി) | പൊതുമരാമത്ത് വകുപ്പിൽ ഇലക്ട്രോണിക്സ് വിഭാഗം നവീകരണവുമായി ബന്ധപ്പെട്ട് 89 എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തികകൾ രൂപീകരിക്കാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ പ്രവൃത്തി പഠന റിപ്പോർട്ട് പ്രകാരം ഗവൺമെന്റിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; | (ബി) | ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ പ്രവൃത്തി പഠന റിപ്പോർട്ട് പ്രവൃത്തി പഠനത്തിനായി ഐ.എം.ജി-ക്ക് കൈമാറിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഇലക്ട്രോണിക് വിഭാഗത്തിലേക്ക് ആവശ്യമുള്ള എഞ്ചിനീയറിംഗ് അസിസ്റ്റന്റ്മാരെ പി.എസ്.സി. വഴി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ പ്രവൃത്തി പഠന റിപ്പോർട്ട് പ്രവൃത്തി പഠനത്തിനായി ഐ.എം.ജി-ക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ